## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 02.12.2015 യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചയ്ക്ക് 2.30-ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ 624-ാം നമ്പർ ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.11.2015-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

2.1 **1196** തദ്ദേശഭരണ സ്ഥാപനങ്ങൾ **1259.82** കോടി രൂപ (**20.73**%) ചെലവഴിച്ചതായും ഇതിൽ **972**ഗ്രാമപഞ്ചായത്തുകൾ **735.69** കോടി രൂപയും (**23.14**%), **144** ബ്ലോക്ക് പഞ്ചായത്തുകൾ **142.77** കോടി രൂപയും **(19.49 %), 14** ജില്ലാ പഞ്ചായത്തുകൾ **157.33** കോടി രൂപയും (**17.32** %), **56**മുനിസിപ്പാലിറ്റികൾ **130.86** കോടി രൂപയും, (**20.43** %), **5**കോർപ്പറേഷനുകൾ **93.14** കോടി രൂപയും (**15.13**%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

2.2 സേവാഗ്രാം/ഗ്രാമകേന്ദ്രം ഫെസിലേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച് എൽ.എസ്.ജി.ഡി. പുറപ്പെടുവിച്ച 19.10.2015-ല 282256/ഐ.എ1-14 സർക്കുലറിനെക്കുറിച്ച് വ്യാപക പ്രതിഷേധം ഉണ്ടായതിനാൽ പ്രസ്തുത സർക്കുലർ പിൻവലിക്കുന്നതിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. .

2.3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ അറവുശാല, ശ്മശാനം തുടങ്ങിയ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകാൻ ശുചിത്വ മിഷൻ കാലതാമസം വരുത്തിയിട്ടുള്ളതിനാൽ സാങ്കേതിക അനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2.4 ജില്ലയിലെ കില നടത്തുന്ന പരിശീലനം സുഗമമാക്കുന്നതിനുവേണ്ടി കിലയുടെ നേതൃത്വത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) ഉൾപ്പെടുന്ന ട്രെയിനിംഗ് കോഓർഡിനേഷൻ കമ്മിറ്റി എല്ലാ ജില്ലിയിലും മൊത്തത്തിൽ രൂപീകരിക്കാൻ തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

### 3.1 വിളപ്പിൽ ഗ്രാമപഞ്ചായത്ത്

2013-14-ൽ ഡി.പി.സിയുടെയോ മറ്റു അധികാര സ്ഥാപനങ്ങളുടെയോ അംഗീകാരം തേടാതെ ക്രമരഹിതമായി കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സാമഗ്രികളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയതിന് ഉത്തരവാദികളായവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 ഒറ്റപ്പാലം സബ് കളക്ടറുടെ കത്ത് (ഫയൽ നം.13005/ഡി.എ2/15/തസ്വഭവ)

അട്ടപ്പാടി ട്രൈബൽ മേഖലയിൽ റോഡുകളും റോപ്‌വേയും നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള ആവശ്യം അട്ടപ്പാടി സംബന്ധിച്ചുള്ള ആസൂത്രണ ബോർഡിന്റെ കമ്മിറ്റി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെയും ആഭിമുഖ്യത്തിൽ 2013-14 വർഷത്തെ ജില്ലാതല കേരളോത്സവത്തിന്റെ സംഘാടനത്തിനും നടത്തിപ്പിനുമായി അധികമായി ചെലവാക്കിയ 1 ലക്ഷം രൂപയ്ക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.30830/ഡി.എ2/13/തസ്വഭവ)**

രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണ പ്രവർത്തനങ്ങൾക്ക് അധിക തുക അനുവദിക്കണമെന്ന ആവശ്യം സർക്കാർ തലത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ,**

കോഴിക്കോട് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ നടത്തുന്ന പരിശീലന പരിപാടിയുടെ ഫീസ് 18000 രൂപയിൽ നിന്നും വർദ്ധിപ്പിക്കണമെന്ന ആവശ്യം അംഗീകരിച്ചു. വർദ്ധിപ്പിക്കേണ്ട തുകയും സബ്സിഡിയും ഗുണഭോക്തൃ വിഹിതവും സംബന്ധിച്ച് തുക തീരുമാനിക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അംഗനവാടികളിൽ പാചക വാതക ഗ്യാസ് കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകി തീരുമാനിച്ചു.

സോളാർ സ്ട്രീറ്റ് ലൈറ്റ്, വാർഷിക മെയിന്റനൻസ് ചാർജ് അടവാക്കൽ എന്ന പ്രോജക്ട് നടപ്പിലാക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും ആയത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെന്നും നിരീക്ഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം ഉച്ചയ്ക്ക് 3.15ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം ഡിസംബർ 9-ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**